**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 225    06.01.2014-ൽ മറുപടിയ്ക്ക്**

**സ്വർണ കള്ളക്കടത്ത് പ്രതികൾക്ക് പോലീസ് ഉദ്യോഗസ്ഥരുമായുള്ള ബന്ധം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സ്വർണ്ണ കള്ളക്കടത്തുകാരൻ ശ്രീ ഫയാസും ക്രൈം റിക്കാർഡ്സ് ബ്യൂറോ എസ്. പി. ശ്രീ. സുനിൽ ജേക്കബും തമ്മിലുള്ള ബന്ധത്തെ ക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ എ.ഡി.ജി.പി. യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടാ യിരുന്നുവോ ; | (എ), (ബി), & (സി)<br><br>ഇത്തരമൊരു നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി നൽകിയിരുന്നു. പ്രസ്തുത വിഷയത്തിൽ ലഭിച്ച ഇന്റലിജൻസ് റിപ്പോർട്ടിൽ നടപടി എടുക്കത്തക്ക വിഷയം ഒന്നും തന്നെയില്ലാത്തതി നാൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടി ല്ലെന്നാണ് സംസ്ഥാന പോലീസ് മേധാവി അറിയി ച്ചിരിക്കുന്നത്. ഇതൊരു ഇന്റലിജൻസ് സോഴ്സ് റിപ്പോർട്ട് ആയതിനാലും ഇതിന്റെ വെളിപ്പെടുത്തൽ സോഴ്സ് ഇൻഫർമേഷൻ കളക്ഷനെ ബാധിക്കുമെന്ന തിനാലും കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| ബി) ഇപ്രകാരം ലഭിച്ച റിപ്പോർട്ടിന്റെയടിസ്ഥാന ത്തിൽ സർക്കാർ സ്വീകരിച്ച നടപടി എന്താ ണെന്നറിയിക്കുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | |
| സി) ശ്രീ. സുനിൽ ജേക്കബിനെ കൂടാതെ പോലീസ് ഡിപ്പാർട്ടുമെന്റിൽ മറ്റാർക്കെല്ലാം കള്ളക്കടത്തു കാരുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ട് എന്നറിയിക്കുമോ ? | |

സെക്ഷൻ ഓഫീസർ

Q